(സി) ഈ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് എന്ത് പദ്ധതിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) അടിയന്തിരമായി ഈ ഇനത്തിൽ എത്ര തുക ലഭ്യമാക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 30.9.99-ലെ കണക്കനുസരിച്ച് പദ്ധതിയിനത്തിൽ 211.49 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 295.20 കോടി രൂപയും കെട്ടിടങ്ങളും തദ്ദേശ ജോലികളും വിഭാഗത്തിൽ 55.40 കോടി രൂപയും നാഷണൽ ഹൈവേ വിഭാഗത്തിൽ 3,22,63,851 രൂപയും ലെജിസ്ലേച്ചർ കോംപ്ലക്സ് വിഭാഗത്തിൽ 161 ലക്ഷം രൂപയും കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ കൊടുത്ത് തീർക്കാനുണ്ട്.

(ബി) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(സി)&(ഡി) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകൾ പ്രധാനമായും കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിനാണ്. കൂടാതെ കുടിശ്ശിക കൊടുത്ത് തീർക്കുന്നത് ത്വരിതപ്പെടുന്നതിന്റെ ഭാഗമായി ഒന്നാമത് ഉപധനാഭ്യർത്ഥനയിൽ 160 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

131 (554) കുവൈറ്റിലെ ഗാരബല്ലി കമ്പനിയുമായി നടന്ന ചർച്ച

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 നവംബർ മാസം 4-ാംതീയതി വകുപ്പു മന്ത്രി കുവൈറ്റ് സന്ദർശിച്ചിരുന്നോ;

(ബി) എങ്കിൽ സന്ദർശനത്തിന് സർക്കാർ അനുമതി നൽകിയിരുന്നോ;

(സി) എന്ത് ആവശ്യത്തിനാണ് മന്ത്രി കുവൈറ്റ് സന്ദർശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കുവൈറ്റിലെ പ്രമുഖ നിർമ്മാണ സ്ഥാപനമായ ഗാരബല്ലി കമ്പനി, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുവാൻ സന്നദ്ധമായ 450 കോടി രൂപയുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് അവിടെ വച്ച് ഗാരബല്ലിയുമായി ചർച്ച നടത്തിയിരുന്നോ;

(ഇ) ഗാരബല്ലിയുമായി എവിടെവച്ചാണ് ചർച്ച നടത്തിയത്; ഇൻഡ്യൻ എംബസിയിൽ വച്ച് ചർച്ച നടത്താത്തതിന്റെ സാഹചര്യം എന്തായിരുന്നു എന്ന് വിശദമാക്കുമോ;

(എഫ്) ഈ സംരംഭത്തിന് പ്രധാന പങ്കു വഹിച്ച ഇൻഡ്യൻ അംബാസിഡറെ ചർച്ചയിൽ നിന്നും ഒഴിവാക്കിയിരുന്നോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ജി) നിർമ്മിതിയുമായി ബന്ധപ്പെട്ട പ്രോജക്ട് ചർച്ചയ്ക്ക് നിർമ്മിതിയുടെ അറിവില്ലാതെയും നിർമ്മിതിയെ ഒഴിവാക്കിയും പോകാനുണ്ടായ കാരണങ്ങളും സാഹചര്യങ്ങളും വിശദമാക്കുമോ;

---

† അനുബന്ധം - 18

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) നിർമ്മിതിയുടെ അഭാവത്തിൽ ആരാണ് ഗാരബല്ലിയുമായി ചർച്ചയ്ക്ക് വേദി ഒരുക്കിയത്;

(ഐ) മേൽപ്പറഞ്ഞ പ്രോജക്ടിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ജെ) പ്രോജക്ട് നിർമ്മിതികേന്ദ്രത്തിന് നഷ്ടപ്പെടാനിടയായ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സന്ദർശിച്ചിരുന്നു.

(ബി) നൽകിയിരുന്നു.

(സി) കുവൈറ്റ് മലയാളി കൾച്ചറൽ കോൺഗ്രസ്സിന്റെ സമ്മേളനത്തിൽ പങ്കെടുക്കാൻ.

(ഡി) ഗാരബല്ലി കമ്പനിയുടെ പ്രതിനിധികൾ ഉൾപ്പെടെ പലരും വന്നു കണ്ട് ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഇ) മന്ത്രി താമസിച്ചിരുന്ന സ്ഥലത്തുവച്ച്.

(എഫ്)&(ജി) ടി കമ്പനിയുമായി ഔദ്യോഗിക ചർച്ചകൾ ഒന്നും നടത്തിയിട്ടില്ല.

(എച്ച്) നിർമ്മിതി കേന്ദ്രം ഡയറക്ടർ.

(ഐ)&(ജെ) പ്രോജക്ട് വയബിൾ അല്ലെന്നു കണ്ടതിനാലും നിർമ്മിതി കേന്ദ്രത്തിനും സംസ്ഥാന സർക്കാരിനും വലിയ സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാലും ഇതെ സംബന്ധിച്ച് അനന്തര നടപടികൾ കൈക്കൊണ്ടിട്ടില്ല.

132 (556) അച്ചൻകോവിൽ-കോന്നി റോഡുപണി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലൂടെ പോകുന്ന അച്ചൻകോവിൽ-കോന്നി റോഡിന്റെ പണിക്ക് വിവിധ റീച്ചുകളിലായി 1999-2000 വർഷത്തിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 1992-2000 വർഷത്തെ ആദ്യത്തെ എട്ടുമാസം കഴിഞ്ഞപ്പോൾ ഈ തുക ഉപയോഗിച്ച് ഏതെല്ലാം വർക്കുകൾ ചെയ്യാൻ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്;

(സി) ഇതുവരെ അതിനുള്ള നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) 1999-2000 വർഷത്തേക്കുള്ള ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക 1999-2000 വർഷം നടത്തുന്ന പണികൾക്കായി ചെലവഴിക്കാനുള്ളഅടിയന്തിര നിർദ്ദേശം നൽകുവാനും പ്രസ്തുത പണി ഉടൻതന്നെ ആരംഭിക്കുവാനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഡി) അച്ചൻകോവിൽ കോന്നി റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വരുന്നതല്ല. വനം വകുപ്പിന്റെ അധീനതയിൽ ഉള്ളതാണ്. അറ്റകുറ്റപ്പണികൾ വനം വകുപ്പാണ് ചെയ്തുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly